പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 269 — 07/11/2019 ൽ മറുപടിയ്ക്ക്

## സാക്ഷരതാ പദ്ധതികൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
ശ്രീ. യു.ആർ.പ്രദീപ്
ശ്രീ.ഒ.ആർ.കേളു
ശ്രീ. എസ്.രാജേന്ദ്രൻ

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്ന സാക്ഷരതാ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(എ) സാക്ഷരതാനിരക്ക് വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് സാക്ഷരതാമിഷൻ നടപ്പാക്കിവരുന്നത്.

1. പട്ടികജാതി - പട്ടികവർഗ്ഗ തീരദേശ മേഖലകളിൽനിന്നും തെരഞ്ഞെടുത്ത 2000 കോളനികളിൽ നടത്തുന്ന പ്രത്യേക സാക്ഷരതാപരിപാടി
2. അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാപരിപാടി
3. വയനാട് സമ്പൂർണ്ണ ആദിവാസി സാക്ഷരതാപരിപാടി
4. 'നവചേതന'- പട്ടികജാതികോളനികളിലെ പ്രത്യേക സാക്ഷരതാപരിപാടി
5. 'സമഗ്ര'-തെരഞ്ഞെടുത്ത 100 ആദിവാസി ഊരുകളിൽ നടത്തുന്ന സാക്ഷരതാ തുടർവിദ്യാഭ്യാസപദ്ധതി
6. 'അക്ഷരസാഗരം'-തീരദേശമേഖലകളിൽ നടത്തുന്ന പ്രത്യേക സാക്ഷരതാപരിപാടി.
7. 'ചങ്ങാതി' - ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കാൻ ആരംഭിച്ച പ്രത്യേക സാക്ഷരതാപരിപാടി.
8. 'അക്ഷരശ്രീ' - തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിൽ ആരംഭിച്ച സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി.

| | | | |
|---|---|---|---|
| | | | 9. 'ജയിൽജ്യോതി' - ജയിലുകളിലെ നിരക്ഷരരായ അന്തേവാസികളെ സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാപരിപാടി. |
| (ബി) | സാക്ഷരതാ മിഷന്റെ തുടർ വിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന എല്ലാ വാർഡുകളിലും സാക്ഷരതാ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | 'അക്ഷരലക്ഷം' പദ്ധതിയുടെ ഭാഗമായി 2015-18 വർഷം തുടർവിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന വാർഡുകളിൽ സാക്ഷരതാസർവേ നടത്തിയിട്ടുണ്ട്. 51628 നിരക്ഷരരെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 42933 പേരെ സാക്ഷരരാക്കിയിട്ടുണ്ട്. ഇവർക്ക് നാലാംതരം തുല്യതാകോഴ്സിൽ പഠിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. |
| (സി) | സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചി ട്ടുണ്ടോയെന്നും ഇതിനായി പുതിയ കോഴ്സുകൾ, പുസ്തകങ്ങൾ, പഠന റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ ; | (സി) | അട്ടപ്പാടി ആദിവാസി സാക്ഷരതാപദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾക്കും വയനാട് ആദിവാസി സാക്ഷരതാപദ്ധതിയുടെ രണ്ട് ഘട്ടങ്ങൾക്കും സാക്ഷരതാക്ലാസുകൾ നയിക്കുന്നതിന് ആദിവാസിവിഭാഗങ്ങളിൽ നിന്ന് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിരിക്കുന്നു. അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് സമ്പൂർണ്ണആദിവാസി സാക്ഷരതാപദ്ധതി എന്നിവയ്ക്ക് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചുവരുന്നു.<br>a) 'അക്ഷരശ്രീ'. 'അക്ഷരസാഗരം'. 'നവചേതന' എന്നീ പദ്ധതികൾക്കും പ്രത്യേക ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. 'സമഗ്ര'പദ്ധതിക്ക് 'സമഗ്ര-പ്രേരക്' മാരെയാണ് നിയോഗിച്ചിരിക്കുന്നത്.<br>b) ഓരോ പദ്ധതിക്കും അതത് വിഭാഗങ്ങളിൽപ്പെട്ട വരെയാണ് ഇൻസ്ട്രക്ടർ മാരായി നിയോഗിച്ചിരി ക്കുന്നത്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നത്.<br>c) പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചു ഇതിനായി പ്രത്യേകം അധ്യാപകരേയും തെരഞ്ഞെടുത്തിട്ടുണ്ട്.<br>d) സാക്ഷരതാപാഠപുസ്തകം, ഹമാരി മലയാളം പാഠപുസ്തകം, സർട്ടിഫിക്കറ്റ് കോഴ്സുകളുടെ പാഠപുസ്തകം, ട്രാൻസ്ജൻഡേഴ്സ് അധ്യാപകർക്കുള്ള കൈപ്പുസ്തകം, തദ്ദേശ സ്വയംഭരണ സ്ഥാപന |

അധ്യക്ഷന്മാർക്കുള്ള പുസ്തകം എന്നിവ പ്രസിദ്ധീകരിച്ചു. സാമൂഹ്യസാക്ഷരതാപദ്ധതിയുടെ ഭാഗമായി ജലം-പരിസ്ഥിതിസാക്ഷരതാപുസ്തകം. നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ എന്നീ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. പരിസ്ഥിതി സാക്ഷരത-സർവേ റിപ്പോർട്ട്, ജലസ്രോതസുകളുടെ സ്ഥിതിവിവരപഠനറിപ്പോർട്ട്. ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ സർവേ റിപ്പോർട്ട്, ട്രാൻസ്ജൻഡേഴ്സ് തുടർവിദ്യാഭ്യാസ സർവേ റിപ്പോർട്ട്, അക്ഷരശ്രീ സാക്ഷരത-തുടർവിദ്യാഭ്യാസ സർവേ റിപ്പോർട്ട്, നവചേതന-സാക്ഷരതാസർവേ റിപ്പോർട്ട്, വയനാട് സാക്ഷരതാസർവേ റിപ്പോർട്ട് (200 ഊരുകൾ), 'പ്രളയാനന്തരകേരളം എങ്ങനെ ചിന്തിക്കുന്നു. എന്ത് ചിന്തിക്കുന്നു'- സർവേ റിപ്പോർട്ട് എന്നീ പഠനറിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്തി.

| | |
|---|---|
| (ഡി) പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകൾക്ക് മുൻഗണന നൽകി ആരംഭിച്ച പ്രത്യേക സാക്ഷരതാ പരിപാടികളുടെ വിശദാംശം അറിയിക്കുമോ ? | (ഡി) പട്ടികജാതികോളനികളിലെ സാക്ഷരതാ-തുല്യതാപ്രവർത്തന ങ്ങൾക്കായി നവചേതന പദ്ധതി, പട്ടികവർഗ്ഗമേഖലകളിലെ സാക്ഷരത-തുല്യതാപരിപാടികൾക്കായി അട്ടപ്പാടി ആദിവാസി സാക്ഷരതാപദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി, സമഗ്ര ആദിവാസിസാക്ഷരത -തുടർ വിദ്യാഭ്യാസപദ്ധതി, തീരദേശ മേഖലയിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി 'അക്ഷരസാഗരം' പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ. പാർശ്വവൽകൃത മേഖലകൾക്കായി 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പദ്ധതിയും ആരംഭിച്ചു |

സെക്ഷൻ ഓഫീസർ